1ടട92
ട|9|19

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ദുരന്ത നിവാരണ വകുപ്പ്- 2019 ജൂൺ, ജൂലൈ മാസങ്ങളിലെ രൂക്ഷമായ കടൽ ക്ഷോഭം - തിരുവനന്തപുരം താലൂക്കിലെ ദുരന്ത ബാധിതരായ കുടുംബങ്ങൾക്ക് - 2019 ആഗസ്റ്റ് മാസത്തിലെ പ്രകൃതിക്ഷോഭത്തിൽ ഇരയായവർക്ക് നൽകുന്ന സമാനമായ ദുരിതാശ്വാസ സഹായം അനുവദിക്കുന്നതിനുള്ള അനുമതി നല്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ(എ) വകുപ്പ്

**G.O.(Rt)No.579/2019/DMD** തീയതി,തിരുവനന്തപുരം, 03/09/2019

പരാമർശം:- 1) സഉ(കൈ)നം. 25/2019/ഡിഎംഡി തീയതി 23/08/2019
2)തിരുവനന്തപുരം ജില്ലാകളക്ടറുടെ 30/08/2019 ലെ എച്ച്1/ഇ/ 205100/19 നമ്പർ കത്ത്

ഉത്തരവ്

2019 ലെ പ്രളയത്തിൽ ദുരിതബാധിതരായവർക്ക് അടിയന്തിര ധനസഹായമായ 10000 രൂപ ലഭ്യമാക്കുന്നതിന് തിരുവനന്തപുരം ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിഞ്ഞവരും, ഇപ്പോൾ താമസിച്ച് വരുന്നതുമായ 202 കുടുംബങ്ങളുടെ ബാങ്ക് അക്കൗണ്ട് അടക്കമുള്ള വിവരങ്ങൾ ലാന്റ് റവന്യൂ കമ്മീഷണർക്ക് കൈമാറിയിരുന്നുവെന്നും ആയതിൽ 2019 ജൂൺ,ജൂലൈ മാസങ്ങളിലെ രൂക്ഷമായ കടൽ ക്ഷോഭത്തിൽ വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ടവരും അപകടാവസ്ഥയിലുള്ള വീടുകളിൽ താമസിച്ചിരുന്നവരുമായ തിരുവനന്തപുരം, ചിറയിൻകീഴ് താലൂക്കുകളിൽ ഉൾപ്പെട്ട 196 കുടുംബങ്ങളുടെ വിവരങ്ങൾ ഉൾപ്പെട്ടിരുന്നുവെന്നും എന്നാൽ പരാമർശം(1)ലെ ഉത്തരവ് പ്രകാരം ആഗസ്റ്റ് മാസത്തിൽ ഉണ്ടായ അംഗീകൃത ദുരന്തങ്ങളിൽ ദുരിതബാധിതരായ കുടുംബങ്ങൾക്കാണ് ധനസഹായത്തിന് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്നും ആയത് പ്രകാരം ധനസഹായത്തിന് അർഹതയുള്ളതായി കണക്കാക്കാൻ കഴിയുന്നത് ആഗസ്റ്റ് മാസത്തിലെ കാലവർഷക്കെടുതികളിൽ ക്യാമ്പുകളിൽ താമസിച്ചിരുന്ന 6 കുടുംബങ്ങൾക്ക് മാത്രമാണെന്നും ബാക്കിയുള്ള 196 കുടുംബങ്ങൾ ജൂൺ, ജൂലൈ മാസത്തിലെ കടൽക്ഷോഭവുമായി ബന്ധപ്പെട്ട് വീടുകൾ പൂർണ്ണമായും തകർന്നവരാണെന്നും, തിരുവനന്തപുരം താലൂക്കിൽപ്പെട്ട 184 കുടുംബങ്ങൾ ഇപ്പോഴും ക്യാമ്പുകളിൽ കഴിയുന്നവരാണെന്നും ഇവർക്ക് ധനസഹായതുകയൊന്നും ഇതുവരെ അനുവദിച്ചിട്ടില്ലായെന്നും ഈ സാഹചര്യത്തിൽ 2019 ജൂൺ, ജൂലൈ മാസങ്ങളിലെ രൂക്ഷമായ കടൽ ക്ഷോഭത്തിൽ ദുരിതബാധിതരായ തിരുവനന്തപുരം താലൂക്കിലെ 184 കുടുംബങ്ങൾക്കും, ചിറയിൻകീഴ് താലൂക്കിലെ 12 കുടുംബങ്ങൾക്കും കൂടി 2019 ആഗസ്റ്റ് മാസത്തിലെ പ്രകൃതിക്ഷോഭത്തിൽ ഇരയായവർക്ക് നൽകുന്ന സമാനമായ ദുരിതാശ്വാസ സഹായം അനുവദിക്കുന്നതിനുള്ള ഉത്തരവ് ഉണ്ടാകണമെന്ന് തിരുവനന്തപുരം ജില്ലാകളക്ടർ പരാമർശം(2) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2019 ജൂൺ,ജൂലൈ മാസങ്ങളിലെ രൂക്ഷമായ കടൽക്ഷോഭത്തിൽ ദുരിതബാധിതരായ തിരുവനന്തപുരം താലൂക്കിലെ 184 കുടുംബങ്ങൾക്കും, ചിറയിൻകീഴ് താലൂക്കിലെ 12 കുടുംബങ്ങൾക്കും കൂടി

2019 ആഗസ്റ്റ് മാസത്തിലെ പ്രകൃതിക്ഷോഭത്തിൽ ഇരയായവർക്ക് നൽകുന്ന സമാനമായ ദുരിതാശ്വാസ സഹായം അനുവദിക്കുന്നതിനുള്ള അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**REMESAN.M.K.**
**ADDITIONAL SECRETARY**

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാകളക്ടർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ്ഭവൻ തിരുവനന്തപുരം-33
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്)(എ & ഇ), കേരള, തിരുവനന്തപുരം
ജില്ലാട്രഷറി ഓഫീസർ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
പകർപ്പ് :-
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ